LIBRARY ARCHIVES Kerala Legislative Assembly

വൈദ്യുതി ചാർജ് കുടിശ്ശിക പിരിച്ചെടുക്കുന്നതിന് നടപടി

37 (2275) ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഇപ്പോൾ ഗാർഹിക-ഗാർഹികേതര വൈദ്യുതി നിരക്കുകൾ യൂണിറ്റിന് എത്ര രൂപയാണെന്ന് വ്യക്തമാക്കുമോ ;

(ബി) 2014-ൽ വൈദ്യുതി ചാർജ്ജ് യൂണിറ്റിന് എത്ര രൂപ വർദ്ധിപ്പിച്ചു എന്നും ഈ വർദ്ധനയ്ക്ക് കാരണമെന്തായിരുന്നു എന്നും വ്യക്തമാക്കുമോ?

ഉത്തരം

(എ&ബി) സംസ്ഥാനത്ത്, ഇപ്പോൾ നിലവിലുള്ള ഗാർഹിക-ഗാർഹികേതര വൈദ്യുതി നിരക്കുകളും ഓരോ വിഭാഗത്തിലും, 2014-ൽ വൈദ്യുതി ചാർജ്ജിലുണ്ടായ വർദ്ധനവും അനുബന്ധം I-ൽ കൊടുത്തിരിക്കുന്നു.* വൈദ്യുതി വാങ്ങൽ ചെലവ്, എല്ലാ വർഷവും 8 മുതൽ 10 ശതമാനം വരെ വർദ്ധിച്ചു വരികയാണ്. ഇതുകൂടാതെ പണപ്പെരുപ്പംമൂലവും വൈദ്യുതി ഉപഭോക്താക്കൾക്ക് മെച്ചപ്പെട്ട സേവനം നൽകുന്നതു വഴിയും വൈദ്യുതി സംബന്ധമായ സാധന സാമഗ്രികളിലുണ്ടായ വില വർദ്ധനവു കാരണവും, വൈദ്യുതി ബോർഡിന്റെ തേയ്മാന ചെലവുകൾ, റിപ്പയർ & മെയിന്റനൻസ് ചെലവുകൾ, ഭരണച്ചെലവുകൾ മുതലായവ വർദ്ധിച്ചു വരികയാണ്. മേൽപ്പറഞ്ഞ കാരണങ്ങളാൽ സംസ്ഥാനത്തെ വൈദ്യുതി ചെലവുകൾ പ്രതിവർഷം 10 ശതമാനത്തോളം വർദ്ധിക്കുന്നുണ്ട്. ഇതു കൂടാതെ മുൻകാലങ്ങളിൽ ചെലവിനനുസൃതമായി വൈദ്യുതി നിരക്ക് പരിഷ്കരിക്കാത്തതു കാരണം, ബോർഡിന്റെ റവന്യൂകമ്മി ഓരോ വർഷവും വർദ്ധിച്ചു വരികയും ടി കമ്മി നികത്തുന്നതിന്, ബാങ്കുകളിൽ നിന്നും മറ്റ് ധനകാര്യ സ്ഥാപനങ്ങളിൽ നിന്നും കടമെടുത്തതു കാരണം പലിശ ചെലവുകളിൽ ഗണ്യമായ വർദ്ധനവ് ഉണ്ടായിട്ടുണ്ട്. ടി കാരണങ്ങളാൽ, വൈദ്യുതി ചെലവുകൾ വർഷംതോറും വർദ്ധിച്ചു വരുകയും, തത്ഫലമായി വൈദ്യുതി താരിഫ് വർദ്ധിപ്പിക്കേണ്ടി വരികയും ചെയ്യുന്നു.

വൈദ്യുതി മേഖലയിലെ അപകടങ്ങളും -സുരക്ഷാ ക്രമീകരണങ്ങളും

38 (2276) ശ്രീ. റോഷി അഗസ്റ്റിൻ :
ശ്രീ. പി. സി. ജോർജ് :
ഡോ. എൻ. ജയരാജ് :
ശ്രീ. എം. വി. ശ്രേയാംസ് കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് വൈദ്യുതി ലൈനിലെ അറ്റകുറ്റപ്പണികൾക്കിടയിൽ ഉണ്ടാകുന്ന അപകടങ്ങൾ ഒഴിവാക്കുന്നതിന് എന്തെല്ലാം സുരക്ഷാ ക്രമീകരണങ്ങളാണ് ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം ഏർപ്പെടുത്തിയിട്ടുള്ളത് ;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.